# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5851

30-7-2015 ലെ മറുപടിക്ക്

## സഹകരണ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലൂടെ വിവിധ കോഴ്സുകൾക്ക് വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ; | (എ) | ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. ബിരുദാനന്തര ബിരുദങ്ങൾ , പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ , ഗവേഷണങ്ങൾ , മെഡിക്കൽ , എഞ്ചിനീയറിംഗ് , അഗ്രികൾച്ചറൽ , വെറ്ററിനറി , നിയമം , ദന്തൽ, ബിസിനസ്സ് മാനേജ്മെന്റ്, നേഴ്സിംഗ് , പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ , സർക്കാർ /സർക്കാർ അംഗീകൃത കൗൺസിലുകൾ /എ.ഐ.സി.റ്റി.ഇ തുടങ്ങിയവർ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സർക്കാർ/ സർക്കാർ അംഗീകൃത കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. |
| ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ പലിശ നിരക്കും തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും നൽകുമോ ; | (ബി) | വിദ്യാർത്ഥിയുടേയും, രക്ഷകർത്താവിന്റെയും പേരിലാണ് വായ്പ അനുവദിക്കുന്നത്. ഇതിനായി വിദ്യാർത്ഥി താമസിക്കുന്ന സ്ഥലത്ത് പ്രവർത്തന പരിധിയുള്ള ബാങ്കിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കോഴ്സിന് പ്രവേശനം ലഭിച്ചതിന്റെ രേഖകൾ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകിയിട്ടുള്ള ബാങ്കിന്റെ വിദ്യാഭ്യാസ വായ്പ നിയമാവലിക്കും പലിശ നിരക്കിനും വിധേയമായിട്ടാണ് വായ്പ അനുവദിക്കുന്നത്. ഇപ്പോൾ ഇത് പരമാവധി 12% ആയി നിഷ്കർഷിച്ചിട്ടുണ്ട്. കോഴ്സ് അവസാനിച്ച് ഒരു വർഷത്തിനുശേഷമോ, ജോലി ലഭിച്ച് 6 മാസത്തിനു ശേഷമോ ഏതാണോ ആദ്യം അന്നുമുതൽ തിരിച്ചടവ് തുടങ്ങേണ്ടതാണ്. |
| സി) ചേർത്തല താലൂക്കിലെ വിവിധ സഹകരണ ധനകാര്യ സ്ഥാപനങ്ങളിലൂടെ വിദ്യാഭ്യാസ വായ്പയിനത്തിൽ ഈ സർക്കാർ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുക എത്രയെന്നും അതിന്റെ തിരിച്ചടവ് എപ്രകാരം പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കുമോ ? | (സി) | ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചേർത്തല താലൂക്കിലെ ശാഖകളിലൂടെ ഈ സർക്കാരിന്റെ കാലയളവിൽ 40,39,693 രൂപ യുടെ വിദ്യാഭ്യാസ വായ്പ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2,93,131 രൂപ തിരിച്ചടച്ചിട്ടുള്ളതാകുന്നു. 37,46,562/- രൂപ ഈയിനത്തിൽ ബാക്കി നില്പുണ്ട്. കൂടാതെ , ചേർത്തല സഹ കരണ കാർഷിക ഗ്രാമ വികസന ബാങ്ക് 1,75,000 രൂപയും, പട്ട ണക്കാട് സർവ്വീസ് സഹകരണ ബാങ്ക് 7,85,000 രൂപയും, മുട്ടം സർവ്വീസ് സഹകരണ ബാങ്ക് 5,88,000 രൂപയും വിദ്യാഭ്യാസ |

വായ്പ യായി വിതരണം ചെയ്യുകയുണ്ടായി. ഇതിൽ പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്കിലെ വായ്പയിൽ 2,90,365/- രൂപ യും, മുട്ടം സർവ്വീസ് സഹകരണ ബാങ്കിലെ വായ്പയിൽ 2,22,000/- രൂപയും തിരിച്ചടവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ